(ബി) ഇല്ലെങ്കിൽ ഔഷധനയം ആവിഷ്കരിക്കുവാനുള്ള നടപടി ഏത് ഘട്ടംവരെയായി എന്ന് അറിയിക്കുമോ ;

(സി) സംസ്ഥാനത്തെ ആതുരാലയങ്ങളിലെ ഔഷധങ്ങളുടെ സംഭരണം, വിതരണം എന്നീ രംഗങ്ങളിൽ കമ്പ്യൂട്ടർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള നടപടി എത്രത്തോളം ആയി എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള മെഡിക്കൽ കോളേജുകളിലേക്കും ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള ആശുപത്രികളിലേക്കും ആവശ്യമായ മരുന്നുകളുടെ സംഭരണം, വിതരണം എന്നിവ സുതാര്യവും ശാസ്ത്രീയവുമായി നടപ്പിലാക്കുന്നതിനായി 7-10-2004 ലെ ജി. ഒ. (പി) നം. 267/2004/ആകുവ. ഉത്തരവു പ്രകാരം ഒരു ഔഷധ നയം നടപ്പിലാക്കി വരുന്നു.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) എല്ലാ ജില്ലാ മെഡിക്കൽ സ്റ്റോറുകളിലും കംപ്യൂട്ടർ സംവിധാനം ലഭ്യമാക്കിയിട്ടുണ്ട്. പൂർണ്ണമായും ഇന്റർനെറ്റ് സൗകര്യങ്ങളോടുകൂടിയ കംപ്യൂട്ടർ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഡോക്ടർമാരുടെ ഉപരിപഠനം

143. [910] ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉപരിപഠനത്തിന് പ്രവേശന പരീക്ഷാ വിജയം മാനദണ്ഡമാക്കിയതോടെ ആരോഗ്യ വകുപ്പിലെ ഡോക്ടർമാർക്ക് നിലവിലുള്ള പഠന സൗകര്യം ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നിലവിൽ സർവീസിലുള്ള ഡോക്ടർമാർക്ക് ഉപരിപഠനത്തിന് മിനിമം യോഗ്യതയുടെ മാനദണ്ഡത്തിൽ അയവ് വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഉണ്ടെങ്കിൽ എത്രശതമാനം മാർക്കാണ് മിനിമം യോഗ്യതയായി കണക്കാക്കാൻ ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി,സി) 2003 വരെ സർവ്വീസിലുള്ള ഡോക്ടർമാർക്കു സീനിയോറിറ്റി അടിസ്ഥാനത്തിൽ പി. ജി. കോഴ്സുകൾക്കു പ്രവേശനം നല്കിയിരുന്നു. എന്നാൽ ബഹു. ഹൈക്കോടതിയുടെ ഉത്തരവിനെ തുടർന്ന് കേരളാ സർക്കാർ 2004 മുതൽ സർവ്വീസിലുള്ള ഡോക്ടർമാർക്കും പ്രവേശനപരീക്ഷ നിർബന്ധമാക്കി. കോടതി ഉത്തരവുകൾ നിലവിലുള്ളതുകൊണ്ട് സർവീസിലുള്ളവർക്ക് മിനിമം മാർക്കിൽ ഇളവനുവദിക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. എന്നാൽ ഇക്കാര്യം സർക്കാർ കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും, കേന്ദ്രാനുമതിക്കു വിധേയമായി സർവ്വീസിലുള്ള

LIBRARY ARCHIVES Kerala Legislative Assembly

ഡോക്ടർമാർക്കു 20% മാർക്കുവരെ വെയിറ്റേജ് അനുവദിക്കുമെന്ന് 2005 ലെ മെഡിക്കൽ പി. ജി. പ്രോസ്പെക്ടസിൽ നിർദ്ദേശിക്കുകയും ചെയ്തിരുന്നു. ഇതിനുള്ള അനുമതി കേന്ദ്രസർക്കാരിൽ നിന്നും നാളിതുവരെ ലഭിച്ചിട്ടില്ല.

ഇത്തരമൊരു സാഹചര്യത്തിൽ സർവ്വീസിലുള്ള ഡോക്ടർമാർക്ക് വേണ്ടി ഒരു പ്രത്യേക പ്രവേശന പരീക്ഷ നടത്തുന്നതു സംബന്ധിച്ച് നിയമനിർമ്മാണം നടത്തുന്നകാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

സർക്കാർ ആശുപത്രികളിലെ ദന്ത ഡോക്ടർമാർ

144. [911] ഡോ. എ. നീലലോഹിതദാസൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ സർക്കാർ ആശുപത്രികളിൽ ആകെ എത്ര ദന്ത ഡോക്ടർമാരുടെ തസ്തികകളാണ് ഇതുവരെ അനുവദിച്ചിട്ടുള്ളതെന്നും അതിൽ എത്ര ദന്ത ഡോക്ടർമാരാണ് ഇപ്പോൾ ജോലി നോക്കുന്നത് എന്നും വെളിപ്പെടുത്തുമോ ;

(ബി) ആരോഗ്യ വകുപ്പിൽ ഇപ്പോൾ എത്ര ദന്ത ഡോക്ടർമാരുടെ ഒഴിവുകൾ ഉണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കാമോ ;

(സി) ഈ ഒഴിവുകൾ പി. എസ്. സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ;

(ഡി) എല്ലാ പബ്ളിക് ഹെൽത്ത് സെന്ററുകളിലും ദന്ത ഡോക്ടർമാരെ നിയമിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ ; എങ്കിൽ ഇത് നടപ്പിലാക്കുന്നതിനുവേണ്ട നടപടി അടിയന്തിരമായി സ്വീകരിക്കുമോ ?

ഉത്തരം

(എ) കേരളത്തിലെ സർക്കാർ ആശുപത്രികളിൽ ഡന്റൽ സിവിൽ സർജന്റെ 19 തസ്തികകളും ഡന്റൽ അസിസ്റ്റന്റ് സർജന്റെ 61 തസ്തികകളും അനുവദിച്ചിട്ടുണ്ട്. ആയതിൽ 12 ഡന്റൽ സിവിൽ സർജൻമാരും 57 ഡൻറൽ അസിസ്റ്റന്റ് സർജൻമാരും ജോലിനോക്കുന്നുണ്ട്.

(ബി) ഡന്റൽ സിവിൽ സർജന്റെ 7 ഒഴിവും ഡന്റൽ അസിസ്റ്റന്റ് സർജന്റെ 4 ഒഴിവും നിലവിലുണ്ട്.

(സി) 4 ഡന്റൽ അസിസ്റ്റന്റ് സർജൻമാരുടെ ഒഴിവുകൾ പി. എസ്. സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) പബ്ളിക് ഹെൽത്ത് സെന്ററുകളിൽ ദന്തഡോക്ടർമാരെ നിയമിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly